II ഇ.ബി. XIII- കേരള നിയമസഭ/VIII-1

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 മാർച്ച് 18, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1 (*1) ബിവറേജസ് കോർപ്പറേഷനാവശ്യമായ മദ്യം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, പ്രതിവർഷം ശരാശരി 1000 കോടി രൂപയുടെ മദ്യം ബിവറേജസ് കോർപ്പറേഷൻ സ്വകാര്യ കമ്പനികളിൽ നിന്നും വാങ്ങുന്നുണ്ടെന്നും 2011-12-ൽ ഈ ഇനത്തിൽ 1074.93 കോടി രൂപയുടെ ഇന്ത്യൻ നിർമ്മിത വിദേശമദ്യം വാങ്ങിയിട്ടുണ്ടെന്നും കോർപ്പറേഷനാവശ്യമായ മദ്യം പൊതുമേഖലയിൽ ഉൽപ്പാദിപ്പിക്കുന്നതിന്റെ വിവിധ വശങ്ങൾ ഗവൺമെന്റ് പരിശോധിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. യുണൈറ്റഡ് സ്പിരിറ്റ്സ്, ചേർത്തല; യുണൈറ്റഡ് സ്പിരിറ്റ്സ്, പാലക്കാട്; തിലക് നഗർ ഇൻഡസ്ട്രീസ് ലിമിറ്റഡ്, മഹാരാഷ്ട്ര; അമൃത് ഡിസ്റ്റില

റീസ് ലിമിറ്റഡ്, പാലക്കാട്; റാഡികോ കെയ്താൻ ലിമിറ്റഡ്, രാംപൂർ; കേരള ആൽക്കഹോളിക് പ്രോഡക്ട്സ് ലിമിറ്റഡ്, പാലക്കാട്; യുണൈറ്റഡ് സ്പിരിറ്റ്സ്, കർണ്ണാടക; ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, തിരുവല്ല; സരയാ ഡിസ്റ്റിലറി, ഉത്തർപ്രദേശ്; യുണൈറ്റഡ് സ്പിരിറ്റ്സ്, കുമ്പളക്കോട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നുമാണ് വില്പനയുടെ അടിസ്ഥാനത്തിൽ ബിവറേജസ് കോർപ്പറേഷൻ പ്രധാനമായും മദ്യം വാങ്ങുന്നത്. കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില വർദ്ധിപ്പിച്ച് നൽകുന്നതിനും കമ്പനികൾ ക്വാട്ട് ചെയ്യുന്ന വില കോർപ്പറേഷൻ സ്വീകരിക്കുന്ന തരത്തിൽ 'ഫ്രീ പ്രൈസിംഗ്' നടപ്പിലാക്കുന്നതിനും മദ്യകമ്പനികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റേയും വൈനിന്റേയും നിലവിലുള്ള ബ്രാൻഡുകൾക്ക്, അവയുടെ 2011-12 സാമ്പത്തിക വർഷത്തിലെ വിലയുടെ 6% വരെ ഉയർത്തിയതോ, 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് ക്വാട്ട് ചെയ്ത വിലയോ, ഏതാണോ കുറവ് അത് നൽകുവാനും, പുതിയ ബ്രാൻഡുകൾക്ക് 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് ക്വാട്ട് ചെയ്ത വിലയിൽ 5% കുറയ്ക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. ഈ വില വർദ്ധനവ് 01-08-2012 മുതലാണ് നിലവിൽ വന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഒരുതവണ വിദേശമദ്യത്തിന്റെ വില 6% വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. 2013-14 വർഷത്തെ റേറ്റ് കോൺട്രാക്ട് നിശ്ചയിക്കുന്ന നടപടികൾ ആരംഭിക്കുകയോ വില വർദ്ധനവ് സംബന്ധിച്ച കമ്പനികളുടെ ആവശ്യത്തിന്മേൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനം

കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെ മദ്യനയം കേരള ഹൈക്കോടതി റദ്ദാക്കിയതിനെത്തുടർന്ന് സുപ്രീം കോടതിയിൽ കേസ് നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സാഹചര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് റിട്ടയേർഡ് ജസ്റ്റിസ് എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിക്കുകയും കമ്മീഷൻ റിപ്പോർട്ട് ലഭിക്കുന്നതുവരെ പുതിയ ബാർ ലൈസൻസുകൾ നൽകേണ്ടതില്ലെന്ന് മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഹോളോഗ്രാം കരാർ കുറ്റമറ്റതാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി ഈ വർഷം മൂന്ന് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ ഡീ-അഡിക്ഷൻ സെന്ററുകൾക്ക് വിതരണം ചെയ്യാൻ തീരുമാനിക്കുകയും സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ളബ്ബുകൾ പ്രവർത്തിച്ചുവരികയും  ചെയ്യുന്നുണ്ട്. ഈ വർഷം എൻ.എസ്.എസ്., സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ തുടങ്ങി എല്ലാ സന്നദ്ധ സംഘടനകളെയും സംഘടിപ്പിച്ച് ബോധവത്ക്കരണ പ്രവർത്തനം നടത്താനും ലഘുചിത്രങ്ങൾ പ്രദർശിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ സിലബസിൽ ഇക്കാര്യം ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. സാമൂഹിക പ്രതിബദ്ധതയോടുകൂടി വിദേശമദ്യ വ്യാപനം തടയുന്നതിന് തീരുമാനമെടുക്കുമെന്നുള്ള ധാരണയിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാർ ലൈസൻസ് കൊടുക്കുന്നതിന് അധികാരം നൽകിയതെങ്കിലും അത് ദുരുപയോഗപ്പെടുത്തിയതായി ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷൻ പുതിയ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടില്ല. കള്ളുവ്യവസായത്തെ സംരക്ഷിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ

നയമെന്നും അതിനായി ചരിത്രത്തിലാദ്യമായി വൃക്ഷക്കരം ഒഴിവാക്കിയിട്ടുണ്ടെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2 (*2) **സ്ഫോടക വസ്തുക്കൾമൂലമുള്ള അപകടങ്ങളും ആക്രമണങ്ങളും സംബന്ധിച്ച കേസ്സുകൾ**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, സ്ഫോടക വസ്തു കൈകാര്യം ചെയ്തുണ്ടായ അപകടങ്ങളിൽ നിലവിലുള്ള 213 കേസ്സുകളിൽ 70 എണ്ണത്തിനും സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ആക്രമണം നടത്തിയ നിലവിലുള്ള 329 കേസ്സുകളിൽ 162 എണ്ണത്തിനും കുറ്റപത്രം സമർപ്പിക്കാനുണ്ടെന്ന് സഭയെ അറിയിച്ചു. കേസ്സുകൾ അന്വേഷണാവസ്ഥയിലായിരിക്കുക, പ്രതികളെ അറസ്റ്റ് ചെയ്യുന്നതിൽ കാലതാമസം വരിക, തെളിയിക്കപ്പെടാൻ സാധിക്കാതെ കേസ്സുകൾ മാറ്റിവയ്ക്കപ്പെടുക, പ്രോസിക്യൂഷൻ അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമം, ഫോറൻസിക് പരിശോധനാ ഫലം ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവയാൽ കുറ്റപത്രം സമർപ്പിക്കുന്നതിന് കാലതാമസം നേരിടാറുണ്ട്. വെടിക്കെട്ടു സാമഗ്രികളുടെ നിർമ്മാണത്തിലും മറ്റുമായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ട വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്. നിലവിലുള്ള പരിശോധനകൾ കൂടുതൽ ശക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്ന ഇടങ്ങളിൽ പരിശോധന നടത്തുന്നതിനും അനുവദനീയമായ സ്ഫോടകവസ്തുക്കളുടെ അളവ് ഉറപ്പുവരുത്തുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ

വിലയിരുത്തുന്നതിനുമായി സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഉദ്യോഗസ്ഥർ അവരവരുടെ അധികാരപരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ആകസ്മിക പരിശോധന നടത്തി അപകടസാധ്യതയില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഫോറൻസിക് ലബോറട്ടറികൾ സ്ട്രെങ്ങ്തൻ ചെയ്യുന്നതിനും പുതുതായി ഒരു ലബോറട്ടറി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ത്രാങ്ങാലി വെടിക്കെട്ട് അപകടത്തെ സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ 9 നിർദ്ദേശങ്ങളിൽ പ്രായോഗികമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്നും കരിമരുന്ന് പ്രയോഗത്തിന് നിയന്ത്രണം കൊണ്ടുവരുന്ന കാര്യം ബന്ധപ്പെട്ടവരുമായി സംസാരിക്കുന്നതാണെന്നും സ്ഫോടകവസ്തുക്കൾ മൂലമുള്ള മരണനിരക്ക് കുറഞ്ഞുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

3 (*3 & *8) **<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് പാരിസ്ഥിതികാനുമതി തടസ്സപ്പെടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ അംഗീകരിച്ച ടേംസ് ഓഫ് റഫറൻസ് പ്രകാരം ഒരു വർഷം നീണ്ടുനിൽക്കുന്ന (എല്ലാ കാലാവസ്ഥയിലും) പാരിസ്ഥിതിക പഠനം വിവിധ കേന്ദ്ര സർക്കാർ അംഗീകൃത കൺസൾട്ടൻസികൾ വഴി പൂർത്തിയാക്കിയെങ്കിലും പദ്ധതിയുടെ പരിസരവാസികളായ മത്സ്യത്തൊഴിലാളികളുടെയും പുരോഹിത സമൂഹത്തിന്റെയും അപേക്ഷ പ്രകാരം 2012-ലെ വർഷകാല സ്ഥിതി

വിവരം കൂടി ഉൾപ്പെടുത്തി പഠനം സെപ്റ്റംബർ 2012 വരെ നീട്ടുകയുണ്ടായിയെന്നും സഭയെ അറിയിച്ചു. പ്രസ്തുത വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ എൽ & ടി റാംബോൾ 2012 ഡിസംബറിൽ പഠന റിപ്പോർട്ട് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന് നൽകിയെങ്കിലും ചില എൻ.ജി.ഒ-കളും ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷനും ഓംബുഡ്സ്മാന് നൽകിയ പരാതിയെത്തുടർന്ന് അവരുടെ ഭാഗം ഒന്നുകൂടി കേൾക്കേണ്ടിവന്നതിനാൽ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകാനിടയാവുകയും ഐ.എഫ്.സി മുഖേന തയ്യാറാക്കിയ റിപ്പോർട്ട് 2013 മാർച്ച് 15-ന് ലഭ്യമാവുകയും ചെയ്തു. ഈ പഠന റിപ്പോർട്ടുകൾ ഏകോപിപ്പിച്ച് പാരിസ്ഥിതിക പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി ഒരുമാസം കഴിഞ്ഞ് പബ്ലിക് ഹിയറിംഗ് നടത്താനും അതിന്റെ സാരാംശംകൂടി ഉൾപ്പെടുത്തി അന്തിമ പാരിസ്ഥിതിക പഠന റിപ്പോർട്ടും, പാരിസ്ഥിതികാനുമതിക്കായുള്ള അപേക്ഷയും പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി 2011-12-ലെ സംസ്ഥാന ബജറ്റിൽ 197 കോടി രൂപയും 2012-13-ൽ 223 കോടി രൂപയും അനുവദിക്കുകയുണ്ടായി. പദ്ധതിക്ക് വേണ്ടിയുള്ള വെള്ളം എത്തിക്കുന്നതിനുള്ള പണി പൂർത്തിയാവുകയും വൈദ്യുതി ലഭ്യമാക്കുന്നതിന് വിഴിഞ്ഞത്തെയും ബാലരാമപുരത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ കെ.എസ്.ഇ.ബി ക്ഷണിക്കുകയും ബാലരാമപുരത്തെയും കാട്ടാക്കടയെയും ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയും

ചെയ്തിട്ടുണ്ട്. 600 മീറ്റർ നീളമുള്ള ടെമ്പററി റോഡിന്റെ 530 മീറ്റർ പൂർത്തിയായിട്ടുണ്ട്. പദ്ധതി പ്രദേശത്തെ എൻ.എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എൻ.എച്ച്.എ.ഐ-യുടെ ബൈപ്പാസ് നിർമ്മാണത്തിനുശേഷം ആരംഭിക്കുന്നതാണ്. പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ കൂട്ടിച്ചേർക്കുകയും റെയിൽവേ ലൈനിലുള്ള പഠനം ആർ.വി.എൻ.എൽ (റെയിൽ വികാസ് നിഗം ലിമിറ്റഡ്) മുഖാന്തിരം നടത്തി വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി റെയിൽവേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതി ലാൻഡ് ലോർഡ് മോഡൽ പ്രകാരം നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര പ്ലാനിംഗ് കമ്മീഷനുമായുള്ള ചർച്ചയ്ക്കുശേഷം കേന്ദ്രസർക്കാരിൽ നിന്നും പദ്ധതിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വി.ജി.എഫ്) ലഭ്യമാക്കുന്നതിനുവേണ്ടി പദ്ധതി പുനഃക്രമീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശം സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിഴിഞ്ഞത്തിന്റെ സ്വാഭാവികമായിട്ടുള്ള 20 മീറ്റർ ആഴം, അന്താരാഷ്ട്ര കപ്പൽ ചാലിനോടുള്ള അടുപ്പം, അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ എന്നിവ കാരണം തൂത്തുക്കുടി തുറമുഖം വികസിക്കുമ്പോൾ, ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി വികസിപ്പിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രസക്തി ഇല്ലാതാകുന്നില്ല. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ഇ.പി.സി (എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ) ടെണ്ടർ വിളിക്കുന്ന തരത്തിൽ പഠന

റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നതാണ്. 2013 അവസാനത്തോടുകൂടി വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനും 3 വർഷംകൊണ്ട് തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനും കഴിയുമെന്ന് കരുതുന്നു. കേരളത്തിലെ അഴീക്കൽ, ബേപ്പൂർ, കൊല്ലം, പൊന്നാനി, വിഴിഞ്ഞം, ആലപ്പുഴ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുകയും പൊന്നാനി പോർട്ടിന്റെ വികസനത്തിന് മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിഴിഞ്ഞം പദ്ധതിക്കായി 420 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഈ സാമ്പത്തിക വർഷത്തിൽ 226 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും 74 ഏക്കർ ഭൂമി ഇതിനായി ഏറ്റെടുത്തിട്ടുണ്ടെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 356 വരെയുള്ള ചോദ്യങ്ങളിൽ 127 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)